അതിനോടനുബന്ധിച്ച് തിരുനെൽവേലി കന്യാകുമാരി ഡിവിഷനിലെ ഫോറസ്റ്റ് ഓഫീസർമാരും തിരുവനന്തപുരം വൈൽഡ്‌ലൈഫ് വാർഡനും യോജിച്ചുകൊണ്ട് തമിഴ്നാട്ടിലെ ചെങ്കോട്ട ഭാഗത്തു രണ്ടു കൊമ്പനാനകളെ കൊന്ന് കൊമ്പ് കവർന്നതുമായി ബന്ധപ്പെട്ട കേസിൽ തിരുവനന്തപുരത്ത് നിന്ന് ആളുകളെ അറസ്റ്റു ചെയ്തിട്ടുണ്ട്. അത്തരം സംഭവങ്ങൾ അടുത്തകാലത്തുണ്ടായി. ഇതു ഞാൻ സൂചിപ്പിച്ചത് പാലക്കാട് ആണെന്നുതോന്നുന്നു, ആനവേട്ടയ്ക്കുപോയ ഒരാളെ ആനതന്നെ കൊലചെയ്ത സംഭവം ഉണ്ടായി. പറമ്പിക്കുളത്ത് ആണ് സംഭവം നടന്നത്. അതെല്ലാം പൂർണ്ണമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആനവേട്ട തടയാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതാണ്. ആദിവാസികളെ ചില പ്രദേശത്ത് ആനവേട്ടക്കാർ ദുരുപയോഗപ്പെടുത്തുന്നുണ്ട്. വഴികാട്ടികളായി ആനവേട്ടക്കാർ അവരെ ഉപയോഗിക്കുന്നു. അതുപോലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട വിശ്വൻ പറഞ്ഞതുപോലെ പ്രത്യേക സ്കാഡ് വേണമെങ്കിൽ രൂപീകരിക്കാം, ആനവേട്ട തടയാൻ തമിഴ്നാടിന്റെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കേരളത്തിന്റെ ഫോറസ്റ്റു ഡിപ്പാർട്ടുമെന്റും ഒരുമിച്ചു ചേർന്ന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷികവൃത്തിയുടെ ഉന്നമനത്തിന് നടപടി

5 (*654) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വൃത്തിക്ക് മതിയായ പ്രാധാന്യം നൽകാത്തതായ ആധുനിക പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാർഷിക വൃത്തിയിൽ പൊതുജനങ്ങൾക്ക് താൽപ്പര്യം ജനിപ്പിക്കാൻ എന്തെങ്കിലും പ്രോത്സാഹന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതു സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി പുതിയ മേഖലകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഓരോ വർഷവും സംഘടിപ്പിച്ചു വരുന്ന കാർഷിക മേളകൾ കാർഷികവൃത്തിയിലേക്ക് ജനങ്ങളെ ആകർഷിക്കുവാൻ പര്യാപ്തമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ ഓരോ ജില്ലയും കേന്ദ്രീകരിച്ച് കാർഷിക മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ജി) കാർഷിക മേളകളിൽ നടീൽ വസ്തുക്കൾ, രാസവളങ്ങൾ, ജൈവവളങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പുതിയ തലമുറ ഭൂമിയിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല എന്നൊരു അഭിപ്രായമുണ്ട്.

(ബി) ഉണ്ട്.

(സി) കാർഷിക വൃത്തിയിലേക്ക് കൂടുതൽപേരെ ആകർഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

1. പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതലത്തിൽ കാർഷിക ദിനാഘോഷം.
2. ഇതോടനുബന്ധിച്ച് പ്രമുഖ കർഷകരെ ആദരിക്കൽ.
3. സംസ്ഥാന തലത്തിൽ തിരഞ്ഞെടുത്ത കർഷകർക്ക് വിവിധ അവാർഡുകൾ നൽകുന്നു.
4. പച്ചക്കറി വികസന പ്രോത്സാഹനങ്ങൾ മാത്രമായി സ്ക്കൂൾ ജില്ലാ-സംസ്ഥാനതല അവാർഡുകൾ.
5. ഹരിത സംസ്ഥാനങ്ങൾക്ക് അവാർഡ്.
6. സെമിനാറുകൾ, കാർഷികമേളകൾ.
7. ചെറുകിട നാമമാത്ര കർഷകർക്ക് ന്യൂഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി ചേർന്ന് കർഷകരക്ഷാപദ്ധതി ഏർപ്പെടുത്തി അതു മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി.
8. ഫ്ളോറി ക്ലാസ് അംഗങ്ങൾക്ക് കുറഞ്ഞനിരക്കിൽ വായ്പാ സൗകര്യം ഏർപ്പെടുത്തി.
9. ഫാം ഇൻഫർമേഷൻ മുഖേന പൊതുജനങ്ങളിൽ കാർഷികവൃത്തിയുടെ പ്രാധാന്യത്തിന് പ്രചാരം നൽകിവരുന്നു.
10. എസ്. എസ്. എൽ. സി. ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കൃഷിക്കാരുടെ മക്കൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്.
11. സംസ്ഥാനത്ത് ഏറ്റവും മികച്ച യുവകർഷകനും കർഷകയുവതിക്കും ഓരോ ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷി വികസനം, സ്വകാര്യ മേഖലയിൽ ടിഷ്യൂകൾച്ചർ ലാബുകൾ, നഴ്സറികൾ എന്നിവ സ്ഥാപിക്കുക, ഹൈടെക് മേഖലയിൽ നൂതന സംരംഭങ്ങൾ ആരംഭിക്കുക എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ജില്ലാതല കാർഷികമേളകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

(ജി) നല്ലയിനം നടീൽ വസ്തുക്കൾ മുതലായവ വിതരണം ചെയ്യുന്നുണ്ട്. സർക്കാർ ഫാമുകളിലെ വസ്തുക്കൾക്ക് സൗജന്യ നിരക്കിലാണ് വില നിശ്ചയിച്ചിരിക്കുന്നത്.

കാപ്പികർഷകർക്ക് സഹായം

6 (*655) ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പികൃഷിക്കാരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ പ്രശ്നങ്ങൾ കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇവരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഡി) ഇതു സംബന്ധിച്ച് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) കാപ്പിക്ക് ചുമത്തിയിട്ടുള്ള എല്ലാ സംസ്ഥാന നികുതികൾക്കും അവധിക്കാലം പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ജി) മറ്റു പല ഉൽപ്പന്നങ്ങളുടെയും സി. എസ്. റ്റി. പിരിക്കുന്നത് നിർത്തലാക്കിയതു പോലെ കാപ്പിക്ക് ചുമത്തിയിട്ടുള്ള സി. എസ്. റ്റി പിരിക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ തയ്യാറാകുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാപ്പികൃഷിക്കാർക്കുള്ള സഹായം കോഫി ബോർഡാണ് നൽകിവരുന്നത്.

(ബി) ഉണ്ട്.

(സി&ഡി) ഉൽപ്പാദനവിലയുമായി തുല്യപ്പെടുത്തി കാപ്പികുരുവിന് തറവില പ്രഖ്യാപിക്കണമെന്നും അതിനും താഴേക്കുവില വരുമ്പോൾ വിവിധ ഏജൻസികൾ മുഖാന്തിരം സംഭരണം ഏർപ്പെടുത്തണമെന്നും താൽപ്പര്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly